15 -ാം കേരള നിയമസഭ

13 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 456 **10-02-2025 - ൽ മറുപടിയ്ക്ക്**

മെഡിസെപ് പദ്ധതിയിലെ ഡാറ്റ സുരക്ഷ

ചോദ്യം		ഉത്തരം	
ശ്രീ. യു. എ. ലത്തീഫ്		**ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)**	
(എ)	മെഡിസെപ്പ് പോർട്ടലിന്റെ സോഫ്റ്റ്വെയർ ദേശീയ ഡാറ്റാ സംരക്ഷണ മാനദണ്ഡങ്ങൾ, പ്രത്യേകിച്ച് ഇൻഫർമേഷൻ ടെക്നോളജി (റീസണബിൾ സെക്യൂരിറ്റി പ്രാക്ടീസസ് ആന്റ് പ്രൊസീഡുവേഴ്സ് ആന്റ് സെൻസിറ്റീവ് പേഴ്സണൽ ഡാറ്റാ ഓർ ഇൻഫർമേഷൻ) റൂൾസ്, 2011-ന് അനുസൃതമാണെന്ന് ഉറപ്പാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ;	(എ)	ഉണ്ട്. ദേശീയ ഡാറ്റാ സംരക്ഷണ ആക്ട് (ഇൻഫർമേഷൻ ടെക്നോളജി റൂൾസ് 2011) പ്രകാരം കൈമാറിയ ഡാറ്റയുടെ സുരക്ഷിതത്വം പാലിച്ചിട്ടുണ്ട്.
(ബി)	സുരക്ഷാ വീഴ്ചകൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും വേണ്ടി പ്രസ്തുത സോഫ്റ്റ്വെയറിൽ ചട്ടപ്രകാരമുള്ള കാലാനുസൃത ഓഡിറ്റുകൾ നടത്തിയിട്ടുണ്ടോ;	(ബി)	ഉണ്ട്. ഡാറ്റയുടെ പൂർണ്ണമായ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി കാലാനുസൃതമായ സെക്യൂരിറ്റി ഓഡിറ്റുകൾ പൂർത്തിയാക്കിയിട്ടുണ്ട്.
(സി)	പ്രസ്തുത പദ്ധതിക്കായി ആധാർ, ബിയോമെട്രിക് വിവരങ്ങൾ, ആരോഗ്യ സംബന്ധമായ വ്യക്തിഗത വിവരങ്ങൾ എന്നിവ ശേഖരിക്കുന്നതിന് മുന്നോടിയായി വ്യക്തികളിൽ നിന്ന് വ്യക്തമായ സമ്മതം നേടാൻ ആധാർ ആക്ട്, 2016-നും കെ.എസ്. പുട്ടസ്വാമി Vs യൂണിയൻ ഓഫ് ഇന്ത്യ, 2017-ലെ സുപ്രീംകോടതി വിധിക്കും അനുസൃതമായുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;	(സി)	സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടി നടപ്പിലാക്കിയ ഹെൽത്ത് ഇൻഷുറൻസ് പദ്ധതി നിർബന്ധിതമായതിനാൽ ജീവനക്കാരുടെയും, പെൻഷൻകാരുടെയും അറിവും സമ്മതത്തോടും കൂടെ ആണ് വ്യക്തിഗത വിവരങ്ങൾ സർക്കാർ ശേഖരിച്ചു വരുന്നത്. ചികിത്സാ സമയത്ത് ആശുപത്രികളിൽ ഗുണഭോക്താവിന്റെ തിരിച്ചറിയൽ രേഖയായി ആധാർ കാർഡ് അല്ലെങ്കിൽ മറ്റേതെങ്കിലും ഫോട്ടോ ഐ.ഡി. ഗുണഭോക്താവിന്റെ സമ്മതത്തോടു കൂടി സ്വീകരിക്കുന്നു.
(ഡി)	പ്രസ്തുത പദ്ധതിക്കായി ശേഖരിക്കുന്ന വ്യക്തിഗത ഡാറ്റയുടെ സുരക്ഷിത സംഭരണത്തിനും പ്രോസസ്സിംഗിനും ഐ.റ്റി ആക്ട് 2000, ഡിജിറ്റൽ പേഴ്സണൽ ഡാറ്റാ പ്രൊട്ടക്ഷൻ ആക്ട് 2023 എന്നീ നിയമങ്ങൾ അനുസരിച്ച് എന്തെല്ലാം മാനദണ്ഡങ്ങൾ നടപ്പാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;	(ഡി)	സ്വകാര്യ വ്യക്തി വിവരങ്ങളുടെ സുരക്ഷിതമായി സംഭരണത്തിനും പ്രോസസ്സിംഗിനുമായി IT Act 2000, Digital Personal Data Protection Act 2023 എന്നിവയിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ചുവടെ ചേർക്കുന്ന മാനദണ്ഡങ്ങൾ നടപ്പാക്കിയിട്ടുണ്ടെന്ന് ഇൻഷുറൻസ് കമ്പനി സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

			a) Purpose Limitation, Data Minimization and Accuracy ആശുപത്രിയിൽ ചികിത്സയ്ക്കായി അഡ്മിറ്റ് ചെയ്യുമ്പോൾ രോഗിയുടെ ചികിത്സയുമായി ബന്ധപ്പെട്ട അനിവാര്യമായ വിവരങ്ങൾ മാത്രമാണ് മെഡിസെപ്പിനായി ശേഖരിക്കുന്നത്. ഡാറ്റയുടെ കൃത്യത ഉറപ്പുവരുത്തുന്നതിനും ഡാറ്റയിൽ എന്തെങ്കിലും പൊരുത്തക്കേട് ഉള്ള പക്ഷം ഡാറ്റാ പരിശോധിക്കുവാനും അപ്ഡേറ്റ് ചെയ്യുന്നതിനുമാണ് മെഡിസെപ് പോർട്ടലിൽ രോഗികൾക്കും ആശുപത്രികൾക്കും അവസരം നൽകിയിട്ടുള്ളത്. b) Storage Limitation രോഗികളുടെ ചികിത്സാ രേഖകൾ AWS cloud storage -ൽ ഓരോ ഫയലും തിരിച്ചറിയാൻ സാധിക്കുന്ന രീതിയിൽ സുരക്ഷിതമായി സൂക്ഷിച്ചിരിക്കുന്നു. രോഗികളുടെ അഡ്മിഷൻ രേഖകൾ പോളിസി നമ്പറുമായി ലിങ്ക് ചെയ്തിട്ടുള്ളതും പോളിസി അവസാനിക്കുമ്പോൾ ഈ ഡാറ്റാ archive ചെയ്തിട്ടുണ്ടെന്നും ഉറപ്പുവരുത്തുന്നു. c) Security Safeguards ഡാറ്റയുടെ അനധികൃതമായ ഉപയോഗം, ഡാറ്റാ നശിപ്പിക്കൽ, ഭേദഗതി വരുത്തൽ, വെളിപ്പെടുത്തൽ എന്നിവ തടയുന്നതിനായി ഡാറ്റയുടെ ആധികാരികത ഉറപ്പുവരുത്തൽ, അംഗീകാരം, ഡാറ്റാ എൻക്രിപ്ഷൻ, പാസ്സ് വേർഡ് മാനേജ്മെന്റ്, സെഷൻ മാനേജ്മെന്റ് എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.
(ഇ)	അനധികൃത ഉപയോഗം തടയാൻ ഈ ഡാറ്റയുടെ സംഭരണവും ഇല്ലാതാക്കലും സംബന്ധിച്ച് അനുവർത്തിക്കുന്ന പ്രോട്ടോക്കോളുകൾ എന്താണെന്ന് വ്യക്തമാക്കാമോ;	(ഇ)	ഡാറ്റ കൈകാര്യം ചെയ്യുന്നവർക്ക് ഉത്തരവാദിത്വം ഉറപ്പാക്കുന്നതിനായി ഡാറ്റയുടെ സുരക്ഷിതത്വം സംബന്ധിച്ച ഇൻഷുറൻസ് കമ്പനിയുമായി Non Disclosure Agreement യിൽ ഒപ്പ് വച്ചിട്ടുണ്ടെന്നും ആയതു കൂടാതെ ഡാറ്റയുടെ 'confidentiality and data protection' കമ്പനിയുമായുള്ള

			ധാരണാപത്രത്തിന്റെ clause 21, 28 വിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.
(എഫ്)	മെഡിസെപ് പോർട്ടൽ വഴി ശേഖരിക്കുന്ന ഡാറ്റ കൈകാര്യം ചെയ്യുന്നതിൽ മൂന്നാം കക്ഷി ഏജൻസികൾ പങ്കാളികളാണോ; ആണെങ്കിൽ ഐ.റ്റി (റീസണബിൾ സെക്യൂരിറ്റി പ്രാക്ടീസസ്) റൂൾസ് 2011 പ്രകാരം അവർ ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവെന്ന് ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കാമോ; ഡാറ്റാ സുരക്ഷയും രഹസ്യവുമെന്നുറപ്പാക്കുന്നതിനുതകുന്ന ചട്ടങ്ങൾ ബന്ധപ്പെട്ട കമ്പനിയുമായി ഏർപ്പെട്ട കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;	(എഫ്)	ഉണ്ട്. മെഡിസെപ് പദ്ധതിയുടെ നടത്തിപ്പിനായി കരാറിൽ ഒപ്പിട്ടിരിക്കുന്നത് ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായാണ്. കൂടാതെ VIDAL Health, FHPL എന്നീ രണ്ട് മൂന്നാം കക്ഷി ഏജൻസികളാണ് (Third Party Administrators) മെഡിസെപ്പിലെ ക്ലെയിമുകൾ കൈകാര്യം ചെയ്യുന്നത്. ഈ മൂന്നാം കക്ഷി ഏജൻസികളുമായി ഇൻഷുറൻസ് കമ്പനി ഐ.ടി. ആക്ട് 2000 -ലെ Section 43 A പ്രകാരമുള്ള സുരക്ഷിത മാനദണ്ഡങ്ങൾ പാലിക്കുന്നതിനായി ഒരു Service Level Agreement ഒപ്പുവെച്ചിട്ടുണ്ടെന്ന് ഇൻഷുറൻസ് കമ്പനി അറിയിച്ചിട്ടുണ്ട്.
(ജി)	മെഡിസെപ് പദ്ധതിയിലൂടെ ശേഖരിച്ച വ്യക്തിഗത ഡാറ്റകളുടെ ചോർച്ചകൾ അല്ലെങ്കിൽ തെറ്റായ ഉപയോഗം തടയുന്നതിനും അതു സംബന്ധിച്ച പരാതികൾ കൈകാര്യം ചെയ്യുന്നതിനും ഐ.റ്റി ആക്ട് 2000-വുമായി ബന്ധപ്പെട്ട ചട്ടങ്ങൾക്കും കീഴിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഡാറ്റ കൈകാര്യം ചെയ്യുന്നവർക്ക് ഉത്തരവാദിത്തം ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ട്; വിശദമാക്കാമോ?	(ജി)	ഡാറ്റയുടെ ചോർച്ചയും ദുരുപയോഗം തടയുന്നതിനും ഡാറ്റാ നിയന്ത്രിക്കുന്നവരുടെ ഉത്തരവാദിത്വം ഉറപ്പുവരുത്തുന്നതിനും Database encryption, end-to-end encryption, SSL Security, Role based access control, Password protection, Infrastructure security, IP Tracking എന്നീ സുരക്ഷാ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഇൻഷുറൻസ് കമ്പനി അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ